(ബി) ആദായനികുതി വകുപ്പ് നിക്ഷേപകരുടെ പൊതുവായ വിവരങ്ങൾ ആരായുന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്കും നിവേദനം നൽകിയിട്ടുണ്ട്. വകുപ്പുമന്ത്രി 3-12-2013-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-6-2014, 21-10-2014 എന്നീ തീയതികളിലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാർക്ക് കത്തയച്ചിരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ സ്ഥിര നിക്ഷേപമുള്ളവരുടെയും 10,000 രൂപയ്ക്ക് മുകളിൽ വാർഷിക പലിശ കൈപ്പറ്റുന്നവരുടെയും വിവരങ്ങളാണ് ഇൻകം ടാക്സ് വകുപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നത്. ആയത് യഥാക്രമം 10 ലക്ഷം രൂപയായും 30,000 രൂപയായും പരിധി വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്.

(ഡി) കേരളത്തിൽ നിന്നുള്ള നിരന്തരമായ അഭ്യർത്ഥനമാനിച്ചു കൊണ്ട് 2 ലക്ഷം രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ഇൻകം ടാക്സ് വകുപ്പിന്റെ തീരുമാനം പുനഃപരിശോധിക്കുകയും 2 ലക്ഷം രൂപ എന്ന പരിധി 5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും ഇനിയും നിക്ഷേപ പരിധി 10 ലക്ഷം രൂപയായും പലിശ പരിധി 30,000 രൂപയായും വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം**

79 (2317) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്മ സ്റ്റോറുകളിൽ സബ്സിഡി ഇല്ലാത്തതും ഉപഭോക്താവിന് ആവശ്യമില്ലാത്തതുമായ വസ്തുക്കൾ വാങ്ങാൻ നിർബന്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിനാൽ നൻമ സ്റ്റോറുകളിൽ നിന്നും ഉപഭോക്താക്കൾ അകന്നു പോവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(ഡി) നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളവും മറ്റും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധിച്ചിട്ടുണ്ട്. സാധനങ്ങളുടെ ലഭ്യതയിലുണ്ടായ കാലവിളംബംമൂലം വിൽപ്പന കുറവ് സംഭവിച്ചിട്ടുണ്ട്.

(ഡി) നന്മ സ്റ്റോറിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിൽപ്പന കുറഞ്ഞ ചില യൂണിറ്റുകളിൽ ജീവനക്കാരുടെ ശമ്പളം താമസിച്ചിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ചിട്ടുള്ള ഫണ്ട് ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് നന്മ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

**സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

80 (2318) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ വകുപ്പിലെ ക്രമക്കേടുകൾ വർദ്ധിക്കുന്നതിന് കാരണം ജീവനക്കാരുടെ അഭാവമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കനുപാതികമായി സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കർശനമായി നടപ്പാക്കി വരുന്നു. സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ/വിശദ പരിശോധനകൾ നടത്തുകയും പരിശോധന വേളയിലും ആഡിറ്റ് വേളയിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയിന്മേൽ വിശദ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നിയമപ്രകാരമുള്ള